**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. MOSC/CMM/254/2022**

കർത്താവിൽ നമ്മുടെ കുന്നംകുളം മെത്രാസനത്തിലെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹ പട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് പരിശുദ്ധ സഭയ്ക്ക് ഏഴ് മെത്രാപ്പോലീത്താമാർ കൂടി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. ലോകമെമ്പാടു നിന്നുമുള്ള നമ്മുടെ വിശ്വാസികൾക്ക് അതിപൗരാണികമായ പഴഞ്ഞി ദേവാലയ അങ്കണത്തിൽ നടത്തപ്പെട്ട ശുശ്രൂഷയിൽ പങ്കുചേരുവാൻ ദൈവകൃപയാൽ സാധ്യമായി. മെത്രാൻ സ്ഥാനാഭിഷേകം നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനത്തിന്റെയും ആത്മനിർവൃതിയുടെയും നിമിഷങ്ങളായിരുന്നു. നിങ്ങളുടെ പ്രാർത്ഥനാനിർഭരമായ ഒരുക്കങ്ങൾ, അച്ചടക്കത്തോടെയുള്ള ക്രമീകരണങ്ങൾ, സമർപ്പണ മനോഭാവത്തോടെയുള്ള പ്രവർത്തനങ്ങൾ എന്നിവ അവിസ്മരണീയമായ അനുഭവമാണ് നമുക്ക് സമ്മാനിച്ചത്. ശുശ്രൂഷയുടെ അനുഗ്രഹീതമായ നടത്തിപ്പിന്റെ ക്രമീകരണങ്ങളിൽ കുന്നംകുളം മെത്രാസനവും, പ്രത്യേകാൽ പഴഞ്ഞി കത്തീഡ്രൽ ദേവാലയവും കൈക്കൊണ്ട എല്ലാ നേതൃപരമായ പ്രവർത്തനങ്ങൾക്കും സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ നിങ്ങളെല്ലാവരേയും നാം അനുമോദിക്കുന്നു. ശുശ്രൂഷയിൽ നേരിട്ട് പങ്കെടുത്ത എല്ലാവരും അതീവ സന്തോഷത്തോടെയാണ് മടങ്ങിപ്പോയത്. ഇത് നിങ്ങളുടെ പ്രാർത്ഥനയുടെയും പരിശ്രമങ്ങളുടെയും സമർപ്പണത്തിന്റെയും ഫലമായിട്ടാണെന്ന് നാം വിശ്വസിക്കുന്നു. നിങ്ങളുടെ ത്യാഗപൂർണ്ണമായ സേവനങ്ങൾ മലങ്കര സഭയ്ക്ക് മറക്കുവാൻ സാധിക്കുകയില്ല. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ മെത്രാസന സഹായ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി, മെത്രാസന സെക്രട്ടറി, പഴഞ്ഞി കത്തീഡ്രൽ വികാരി, സഹപട്ടക്കാരൻ, പള്ളി കൈസ്ഥാനികൾ, പള്ളി മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, വിവിധ കമ്മറ്റി അംഗങ്ങൾ എന്നിവരെ മുക്തകണ്ഠം നാം പ്രശംസിക്കുന്നു. അൽപമായോ അധികമായോ സഹായിക്കുകയും സഹകരിക്കുകയും ചെയ്ത വിശ്വാസസമൂഹത്തെ അനുഗ്രഹത്തിനായി ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ദൈവം നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകട്ടെ.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ!

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 ജൂലൈ മാസം 29-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും